REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 15-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ രണ്ടു പേർ മരിച്ചു. മന്ത്രി AK ശശീന്ദ്രൻ വനം മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടു.**
- **കാട്ടാന ആക്രമണത്തിൽ രണ്ട് ദിവസത്തിനിടെ മൂന്ന് പേർ മരിച്ചിട്ടും ഗവൺമെന്റ് നിസ്സംഗത പുലർത്തുകയാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ.**
- **മുനമ്പത്ത് NDA യുടെ ആഭിമുഖ്യത്തിൽ വൈകിട്ട് 'നന്ദി മോദി' പരിപാടി - കേന്ദ്രമന്ത്രി കിരൺ റിജിജു പങ്കെടുക്കും.**
- **CPIM കണ്ണൂർ ജില്ലാ സെക്രട്ടറിയായി K.K രാഗേഷിനെ തിരഞ്ഞെടുത്തു.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ വൈകിട്ട് പഞ്ചാബ് കിംഗ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ രണ്ടു പേർ മരിച്ചു. വാഴച്ചാൽ സ്വദേശികളായ അംബിക, സതീഷ് എന്നിവരാണ് മരിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ പ്രതിനിധി ഭരിത പ്രതാപ്....

....(വോയ്സ്).......

✪✪✪

അതിരപ്പിള്ളി കാട്ടാന ആക്രമണത്തിൽ മന്ത്രി AK ശശീന്ദ്രൻ സംസ്ഥാന വനം മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ഗവൺമെന്റ് ആശ്വാസ ധനസഹായം നൽകും. കാട്ടാനകളെ തുരത്താൻ സംസ്ഥാന ഗവൺമെന്റ് പല പദ്ധതികളും പരീക്ഷിച്ചെങ്കിലും ഒന്നും വിജയിച്ചില്ലെന്ന് മന്ത്രി മാധ്യമങ്ങളോടു പറഞ്ഞു. ഈ സാഹചര്യത്തിൽ പുതിയ പരീക്ഷണത്തിനാണ് ഗവൺമെന്റ് തയ്യാറെടുക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

തൃശൂർ അതിരപ്പിള്ളി പ്രദേശത്തും സമീപ മേഖലയിലുമുണ്ടായ അസാധാരണ മരണങ്ങൾ സംബന്ധിച്ചും അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ വനം മേധാവിയോട് നിർദ്ദേശിച്ചതായി മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് കാട്ടാന ആക്രമണത്തിൽ രണ്ട് ദിവസത്തിനിടെ മൂന്ന് ജീവൻ പൊലിഞ്ഞിട്ടും ഗവൺമെന്റ് നിസ്സംഗരായി നോക്കി നിൽക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ കുറ്റപ്പെടുത്തി. വനംവകുപ്പിനോട് റിപ്പോർട്ട് തേടൽ മാത്രമല്ല മന്ത്രിയുടെ ജോലിയെന്നും, വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ കഴിയുന്നില്ലെങ്കിൽ മന്ത്രിസ്ഥാനത്ത് ഇരിക്കരുതെന്നും സതീശൻ പറഞ്ഞു.

മലയോര മേഖലയിൽ നിന്ന് നടുക്കുന്ന വാർത്തകളാണ് ഓരോ ദിവസവും പുറത്ത് വരുന്നത്. അടിയന്തര നടപടി വേണമെന്ന് പലവട്ടം ആവശ്യപ്പെട്ടിട്ടും സംസ്ഥാന ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്ന് V.D സതീശൻ അഭിപ്രായപ്പെട്ടു.

ആനകൾ കൂടുതലായി ഇറങ്ങുന്ന സ്ഥലങ്ങളിൽ പ്രത്യേക സംഘത്തിന്റെ നിരീക്ഷണം ഉറപ്പാക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

✪✪✪

വഖഫ് നിയമ ഭേദഗതിയിലൂടെ മുനമ്പത്തെ ജനങ്ങൾക്ക് പ്രതീക്ഷ നൽകിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് നന്ദിയറിയിച്ച് NDA യുടെ ആഭിമുഖ്യത്തിൽ ഇന്ന് 'നന്ദി മോദി' പരിപാടി സംഘടിപ്പിക്കും. വൈകിട്ട് നാലിന് മുനമ്പത്ത് ചേരുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി കിരൺ റിജിജു മുഖ്യാതിഥിയായി പങ്കെടുക്കും. സത്യഗ്രഹ പന്തലും കേന്ദ്രമന്ത്രി സന്ദർശിക്കും. BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ, SNDP യോഗം സംസ്ഥാന ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ മറ്റ് നേതാക്കൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. ഉച്ചയ്ക്ക് കിരൺ റിജിജു കൊച്ചിയിൽ മാധ്യമങ്ങളെയും കാണും.

✪✪✪

സംസ്ഥാനത്തിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗങ്ങൾ നാളെ നടത്തും. മതമേലധ്യക്ഷൻമാരുടെ യോഗം രാവിലെ 11.30 നും സർവകക്ഷി യോഗം വൈകിട്ട് 3.30 നുമാണ്. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുന്നത്.

✪✪✪

രാജ്യത്തിന്റെ ഹജ്ജ് ക്വാട്ട കഴിഞ്ഞ പത്തു വർഷങ്ങളിൽ ഒരു ലക്ഷത്തി 75,025 ആയി ഉയർത്തിയെന്ന് ന്യൂനപക്ഷകാര്യ മന്ത്രാലയം അറിയിച്ചു. 2014 ൽ ഇത് ഒരു ലക്ഷത്തി 36,020 ആയിരുന്നു.

ഈ വർഷം ഒരു ലക്ഷത്തി 22,000 തീർത്ഥാടകർക്ക് ഹജ്ജിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

സൗദി അറേബ്യയുടെ മാർഗ നിർദ്ദേശങ്ങൾ അനുസരിച്ച് വിമാനങ്ങൾ, ഗതാഗതം, ക്യാമ്പുകളിലെ താമസം മറ്റു സേവനങ്ങൾ ഉൾപ്പെടെ ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും പൂർത്തീകരിച്ചിട്ടുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

ജമ്മുകശ്മീരിലെ പൂഞ്ച് ജില്ലയിലെ ലസാനയിൽ ഭീകരരെ നേരിടാൻ കൂടുതൽ സൈന്യമെത്തി. കഴിഞ്ഞ ദിവസം വൈകിട്ട് സുരക്ഷാസേനയും ഭീകരരും തമ്മിൽ വെടിവെപ്പ് ഉണ്ടായതിനെ തുടർന്നാണിത്. ഭീകരർക്കായി പ്രദേശത്ത് സുരക്ഷാസേന തിരച്ചിൽ തുടരുകയാണ്. കിഷ്ത്വാർ ജില്ലയിൽ സൈന്യവുമായി ഏറ്റുമുട്ടി മൂന്ന് ഭീകരർ കഴിഞ്ഞ ദിവസം കൊല്ലപ്പെട്ടിരുന്നു.

✪✪✪

ഹരിയാനയിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണ കേസിൽ പ്രിയങ്കാഗാന്ധിയുടെ ഭർത്താവ് റോബർട്ട് വദ്രയെ എൻഫോഴ്സ്മെന്റ് വിഭാഗം ചോദ്യം ചെയ്തു വരുന്നു. ഗുരുഗ്രാമിൽ വദ്രയുടെ കമ്പനി ഭൂമി വാങ്ങിയതിലാണ് അന്വേഷണം. രാവിലെ ഡൽഹിയിലെ ED ഓഫീസിലാണ് ചോദ്യം ചെയ്യലിനായി റോബർട്ട് വദ്ര ഹാജരായത്.

✪✪✪

ലഖ്നൗവിലെ ലോക് ബന്ധു ആശുപത്രിയിൽ ഇന്നലെ രാത്രിയുണ്ടായ തീപിടുത്തത്തിൽ ഒരാൾ മരിച്ചു. ഇരുന്നൂറോളം രോഗികളെ മറ്റ് ആശുപത്രികളിലേക്ക് സുരക്ഷിതമായി മാറ്റിയിരുന്നു.

✪✪✪

രാജ്യത്തെ ഗാർഹിക, വാണിജ്യ പാചക വാതക മീറ്ററുകൾ, ലീഗൽ മെട്രോളജി വകുപ്പിനു കീഴിൽ കൊണ്ടുവരുന്ന കരടു നിയമത്തിന് കേന്ദ്ര ഗവൺമെന്റ് രൂപം നൽകി. എല്ലാ വാതക മീറ്ററുകളും ഉപയോഗത്തിനു മുൻപ് പരിശോധിച്ച് കൃത്യത ഉറപ്പാക്കി മുദ്ര വെയ്ക്കണമെന്ന വ്യവസ്ഥയാണ് കരട് നിയമത്തിലെ പ്രധാന നിർദ്ദേശം. ഉപയോഗ വേളയിലും ഇവയുടെ ആധികാരികത ഉറപ്പാക്കണം.

✪✪✪

ഇടുക്കി എറണാകുളം അതിർത്തിയായ നേര്യമംഗലം മണിയമ്പാറയിൽ KSRTC ബസ് കൊക്കയിലേക്ക് മറിഞ്ഞു. താഴ്ചയിലേക്ക് പതിച്ച ബസ്സിനടിയിൽപെട്ട് ഗുരുതരമായി പരിക്കേറ്റ കുട്ടിയെ ആശുപത്രിയിലേക്ക് മാറ്റി. നിരവധി യാത്രക്കാർക്ക് പരിക്കേറ്റു.

കട്ടപ്പനയിൽ നിന്നും എറണാകുളത്തേക്ക് പോയ ബസാണ് അപകടത്തിൽപ്പെട്ടത്. അപകടം ഉണ്ടായ ഉടൻ സ്ഥലത്തെത്തിയ നാട്ടുകാർ ബസിൽ ഉണ്ടായിരുന്ന യാത്രക്കാരെ പുറത്തെത്തിച്ചു. അപകട സ്ഥലത്തേക്ക് ഊന്നുകൽ പൊലീസും അഗ്നിരക്ഷാസേനയും എത്തിയിട്ടുണ്ട്.

✪✪✪

മുതലപ്പൊഴിയിൽ മണലടിഞ്ഞ വിഷയത്തിൽ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് കോൺഗ്രസ് പ്രവർത്തകർ തിരുവനന്തപുരത്ത് മന്ത്രി സജി ചെറിയാന്റെ ഔദ്യോഗിക വസതിയ്ക്കുമുന്നിൽ പ്രതിഷേധിക്കുന്നു. 74 മത്സ്യത്തൊഴിലാളികൾ മുതലപ്പൊഴിയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞിട്ടും ഗവൺമെന്റ് നടപടിയെടുക്കുന്നില്ലെന്ന് പ്രതിഷേധക്കാർ കുറ്റപ്പെടുത്തി.

മുതലപ്പൊഴി ഹാർബറിലെ മണൽ നീക്കം ചെയ്യാത്തതിൽ പ്രതിഷേധിച്ചും സമരം തുടരുകയാണ്. CITU, INTUC പ്രവർത്തകർ ഹാർബർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ഉപരോധിച്ചു. INTUC പ്രവർത്തകർ എഞ്ചിനീയറുടെ ഓഫീസ് താഴിട്ട് പൂട്ടി റീത്ത് വച്ച് പ്രതിഷേധിച്ചു. പൊഴിമുഖത്തെ മണൽ എത്രയും വേഗം നീക്കണമെന്ന് മത്സ്യതൊഴിലാളികൾ ആവശ്യപ്പെട്ടു.

✪✪✪

കേരളത്തിന്റെ സ്വന്തം വിമാന സർവീസ് ‘എയർ കേരള’യുടെ ആലുവയിലെ കോർപ്പറേറ്റ് ഓഫീസ് വൈകിട്ട് മന്ത്രി P. രാജീവ് ഉദ്ഘാടനം ചെയ്യും. ആലുവ മെട്രോ സ്റ്റേഷനു സമീപമാണ് ഓഫീസ് പ്രവർത്തിക്കുന്നത്. ആദ്യ ഘട്ടത്തിൽ ആഭ്യന്തര സർവീസ് ആരംഭിക്കുന്ന എയർ കേരള, വൈകാതെ അന്താരാഷ്ട്ര സർവീസ് തുടങ്ങാനും ലക്ഷ്യമിടുന്നു.

✪✪✪

CPIM കണ്ണൂർ ജില്ലാ സെക്രട്ടറിയായി K.K രാഗേഷിനെ തിരഞ്ഞെടുത്തു. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കണ്ണൂരിൽ രാവിലെ ചേർന്ന യോഗമാണ് പുതിയ സെക്രട്ടറിയെ തിരഞ്ഞെടുത്തത്. M.V ജയരാജൻ പാർട്ടി സംസ്ഥാന കമ്മറ്റിയംഗമായതിനെ തുടർന്നാണ് പുതിയ ജില്ലാ സെക്രട്ടറിയെ തിരഞ്ഞെടുത്തത്. നിലവിൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ് KK രാഗേഷ്. കോട്ടയം ജില്ലാ സെക്രട്ടറിയെ ഉടൻ പ്രഖ്യാപിക്കുമെന്ന് സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ കണ്ണൂരിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

✪✪✪

ഉൽപ്പാദനവും വിതരണവും ഇരട്ടിയാക്കിയതോടെ സംസ്ഥാന ഗവണ്മെന്റിന്റെ കുപ്പിവെള്ള കമ്പനിയായ ഹില്ലി അക്വയ്ക്ക് വൻ വരുമാന നേട്ടം. 11 കോടി 40 ലക്ഷം രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിയുടെ വിറ്റുവരവ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ...

............(വോയ്സ്)................

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പ്രശസ്ത കായികതാരവും, ഒളിമ്പിക് മെഡൽ ജേതാവുമായ കർണ്ണം മല്ലേശ്വരി കൂടിക്കാഴ്ച നടത്തി. വനിതാ കായികതാരം എന്ന നിലയിൽ മല്ലേശ്വരിയുടെ വിജയത്തിൽ അഭിമാനിക്കുന്നതായി പ്രധാനമന്ത്രി എക്സ് പോസ്റ്റിൽ കുറിച്ചു. യുവകായിക താരങ്ങൾക്ക് മാർഗ നിർദ്ദേശങ്ങൾ നൽകുന്ന അവരുടെ ശ്രമം പ്രശംസനീയമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഓസ്ട്രേലിയൻ പര്യടനത്തിന് 26 അംഗ ഇന്ത്യൻ വനിതാ ഹോക്കി ടീമിനെ പ്രഖ്യാപിച്ചു. അഞ്ചു മത്സരങ്ങളുടെ പരമ്പര ഈ മാസം 26-ന് ആരംഭിക്കും. മെയ് 4 വരെ പെർത്ത് ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

✪✪✪

15-ാമത് ഹോക്കി ഇന്ത്യ, സീനിയർ പുരുഷ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ന് മധ്യപ്രദേശ്, പഞ്ചാബിനെ നേരിടും. ഝാൻസിയിൽ വൈകിട്ട് ഏഴിനാണ് മത്സരം. മൂന്നും നാലും സ്ഥാനങ്ങൾക്കായി ഉത്തർപ്രദേശും, മണിപ്പൂരും വൈകിട്ട് അഞ്ചിന് ഏറ്റുമുട്ടും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ചണ്ഡീഗഡിൽ, വൈകീട്ട് 7:30 നാണ് മത്സരം.

✪✪✪

മുതിർന്ന സ്പോട്സ് ലേഖകനും മനോരമ മുൻ റസിഡന്റ് എഡിറ്ററുമായ K.അബൂബക്കറെ, സീനിയർ ജേണലിസ്റ്റ് ഫോറം വൈകിട്ട് കോഴിക്കോട്ട് ആദരിക്കും. മുൻ മന്ത്രി P.K.കുഞ്ഞാലിക്കുട്ടി ചടങ്ങ് ഉദ്ഘാടനം ചെയ്യും. PT ഉഷ MP മുഖ്യാതിഥിയായി പങ്കെടുക്കും. പഴയകാല ഫുട്ബാൾ താരങ്ങളായ വിക്ടർ മഞ്ഞില, K.P സേതു മാധവൻ, E.J ജേക്കബ്, തുടങ്ങിയവരും സംബന്ധിക്കും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 280 രൂപ താഴ്ന്ന് 69,760 ലെത്തി. 8,720 രൂപയാണ് ഗ്രാം വില.

✪✪✪

സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകനും ചലച്ചിത്ര നിർമ്മാതാവുമായ K.A ദേവരാജൻ കോഴിക്കോട്ട് അന്തരിച്ചു. 73 വയസ്സായിരുന്നു. ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിൽ പാനൽ പ്രൊഡ്യൂസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കുട്ടികളുടെ സിനിമകളും, മൂന്ന് ഫീച്ചർ ഫിലിമുകളും, ഡോക്യുമെന്ററികളും സംവിധാനം ചെയ്ത ദേവരാജൻ, ഇന്ത്യയെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര ചലച്ചിത്ര മേളകളിലും പങ്കെടുത്തു.

സംസ്കാരം വൈകിട്ട് കോഴിക്കോട് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ നടത്തും.

✪✪✪

സുൽത്താൻബത്തേരി ടൗണിൽ ടിപ്പറിനു പിറകിൽ ബൈക്കിടിച്ച് രണ്ട് ബൈക്ക് യാത്രികർ മരിച്ചു. കട്ടയാട് സ്വദേശികളായ അഖിൽ, കാവുങ്കര ഉന്നതിയിലെ മനു എന്നിവരാണ് മരിച്ചത്.

✪✪✪

നാടക പ്രവർത്തകൻ K.S ബിമലിന്റെ സ്മരണയ്ക്ക് വടകര എടച്ചേരി ബിമൽ സാംസ്കാരിക ഗ്രാമം സംഘടിപ്പിക്കുന്ന നാടകോത്സവത്തിന് മറ്റന്നാൾ തുടക്കമാകും. ഈ മാസം 20 വരെ തുടരുന്ന നാടകോത്സവത്തിൽ കേരളത്തിലെ പ്രമുഖ നാടകസംഘങ്ങൾ നാടകങ്ങൾ അവതരിപ്പിക്കും.

✪✪✪

---

*News Reader: വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*